ദേശാഭിമാനി 2022 ഫെബ്രുവരി 20 ഞായർ

# വ്യവസായികളെ ശത്രുക്കളായി കാണരുത്

- അഴിമതിക്കാർ അധികകാലം വീട്ടിലെ ഭക്ഷണം കഴിക്കില്ല
- സർക്കാരിന്റെ യജമാനന്മാർ ജനങ്ങളാണ്



സ്വന്തം ലേഖകൻ

**തിരുവനന്തപുരം**

തദ്ദേശ സ്ഥാപനങ്ങളിലെ ജീവനക്കാർ വ്യവസായികളോട് ശത്രുതാ മനോഭാവത്തോടെ പെരുമാറരുതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. തദ്ദേശഭരണ ദിനാഘോഷ ഉദ്ഘാടനവും ഏകീകൃത തദ്ദേശവകുപ്പിന്റെ പ്രഖ്യാപനവും നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി.

വ്യവസായം ആരംഭിക്കാൻ തദ്ദേശസ്ഥാപനങ്ങളെ സമീപിക്കുമ്പോൾ നിക്ഷേപം നോക്കി ഇത്ര തുക വേണമെന്ന് പറയാൻ മടിയില്ലാത്തവരുമുണ്ട്. അതിമോഹത്തിന് ഇരയായി ഉദ്യോഗസ്ഥർ അഴിമതിക്കാരായാൽ അധികനാൾ വീട്ടിൽനിന്ന് ഭക്ഷണം കഴിക്കില്ല. ജയിലിൽ സർക്കാർ ഭക്ഷണം കഴിക്കേണ്ടിവരും. സർക്കാർ സേവനം ജനങ്ങളിലെത്തിക്കാൻ ഭൂരിപക്ഷം ജീവനക്കാരും ആത്മാർഥതയോടെയാണ് പ്രവർത്തിക്കുന്നത്. എന്നാൽ, ചിലർ ഇങ്ങനെയല്ലെന്നാണ് കേൾക്കുന്നത്. സർക്കാരിന് ജനങ്ങളാണ് പ്രധാനം. സർക്കാരിന്റെ യജമാനന്മാർ ജനങ്ങളാണ്. ആ മനോഭാവത്തോടെ വേണം അവരോട് പെരുമാറാൻ.

നാട്ടിൽ വികസനം വരുമ്പോൾ തൊഴിലുണ്ടാകുക ഏറ്റവും പ്രധാനമാണ്. 20 ലക്ഷം ആളുകൾക്ക് ഉടൻ തൊഴിൽ നൽകാനാകണം. തദ്ദേശഭരണവകുപ്പ് ഏകീകരണത്തോടെ തെരഞ്ഞെടുപ്പിൽ നൽകിയ പ്രധാന വാഗ്ദാനങ്ങളിലൊന്നാണ് നടപ്പായത്. നാടിന്റെ വികസനത്തിന് എല്ലാവരും ഒന്നിച്ചുനിൽക്കണം. തദ്ദേശ ഭരണാതിർത്തി ശുചീകരിച്ചു സംരക്ഷിക്കാനാകണം.

തദ്ദേശ സ്ഥാപനങ്ങളെപ്പറ്റി ചിന്തിക്കുന്ന ആർക്കും ഒഴിവാക്കാനാകാത്തതാണ് ജനകീയാസൂത്രണം. ആസൂത്രണ പ്രക്രിയ നാടിന്റെ വികസനത്തിന് കുതിപ്പും തദ്ദേശസ്ഥാപനങ്ങൾക്ക് കരുത്തും നൽകി. പദ്ധതി വിഹിതത്തിന്റെ 35 മുതൽ 40 ശതമാനംവരെ തദ്ദേശസ്ഥാപനങ്ങൾക്ക് ലഭിച്ചു. അതിൽ കൂടുതൽ മെച്ചപ്പെടലാണ് വകുപ്പ് ഏകീകരണത്തോടെ സാധ്യമാകുന്നത്.

ആറാം ധന കമീഷൻ നിർദേശിച്ചതുപോലെ വിനോദനികുതി ജിഎസ്ടിയിലാകുമ്പോൾ പഞ്ചായത്തുകൾക്കുണ്ടാകുന്ന നഷ്ടം സർക്കാർ നികത്തും. വകുപ്പ് ഏകീകരണത്തോടെ ഓരോ ഓഫീസിലും രണ്ട് തസ്തിക അധികം ലഭിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.